ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 09.08.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് ഇന്ന് തുടക്കം. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ആൻഡമാൻ നിക്കോബാറിലെ ഫ്ലാഗ് പോയിന്റിൽ ദേശീയ പതാക ഉയർത്തും.

   **The Har Ghar Tiranga campaign will begin today ahead of Independence Day. Vice President C P Radhakrishnan will hoist the national flag at Flag Point in Andaman and Nicobar.**

2. ഇന്ത്യ - അമേരിക്ക സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം, വർധിപ്പിക്കാനുള്ള പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസുമായി പ്രധാനമന്ത്രി ടെലിഫോൺ സംഭാഷണം നടത്തി.

   **Prime Minister Narendra Modi reiterates commitment to enhance India-US Comprehensive Global Strategic Partnership. PM holds telephonic conversation with US Vice President J.D. Vance.**

3. സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ കരുത്തുപകരാൻ, പ്രമുഖ വ്യവസായ പങ്കാളികളുമായി തന്ത്രപ്രധാനമായ ധാരണാപത്രങ്ങളിൽ ഒപ്പുവെച്ച് കേന്ദ്ര സർക്കാർ.

   **Union Govt signs strategic MoUs with key industry leaders to strengthen support to Start Ups.**

4. ഇറാൻ സമാധാനത്തിന്റെ പാത പിന്തുടരുമെന്നും എന്നാൽ സമ്മർദ്ദങ്ങൾക്ക് വഴങ്ങില്ലെന്നും ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ.

   **Iranian President Masoud Pezeshkian has reaffirmed Tehran’s commitment**

to follow the path of peace while asserting that Iran will not be forced to surrender.

5. ഉത്തരേന്ത്യയിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിലും കനത്ത മഴ തുടരും. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

   **IMD predicts possibility of heavy rain in North India. Heavy rain will continue in Kerala too. Fishing banned off Kerala, Karnataka and Lakshadweep coasts today.**

6. കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ, ഇന്ത്യൻ താരം അഷ്മിത ചാലിഹ ഇന്ന് ചൈനയുടെ ക്യു ഹാനെ നേരിടും.

   **Indian player Ashmita Chaliha will face China's Qiu Han in the women's singles final of the Korea Masters badminton tournament today.**

## VP-ANDAMAN

രണ്ടു ദിവസത്തെ ആൻഡമാൻ നിക്കോബാർ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ശ്രീവിജയപുരത്തെത്തി. ദ്വീപിൽ അദ്ദേഹത്തിന് ഔദ്യോഗിക സ്വീകരണവും ഗാർഡ് ഓഫ് ഓണറും നൽകി. 'ഹർ ഘർ തിരംഗ' യജ്ഞത്തിന്റെ ഭാഗമായി ഇന്ന് അദ്ദേഹം ശ്രീവിജയപുരത്തെ ഫ്ലാഗ് പോയിന്റിൽ ദേശീയ പതാക ഉയർത്തും.

************************************

## HAR GHAR TIRANGA (INTRO)

രാജ്യത്ത് സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഹർ ഘർ തിരംഗ പ്രചാരണത്തിന് ഇന്ന് തുടക്കം. ദേശീയ പതാക ഉയർത്താനും ദേശസ്നേഹം, ദേശീയ ഐക്യം, ഇന്ത്യയുടെ സാംസ്കാരിക പൈതൃകം എന്നിവ ആഘോഷിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം.

ഒരു റിപ്പോർട്ട്...

*(വോയിസ്)*

*2022 ൽ ആസാദി കാ അമൃത് മഹോത്സവ് ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച ഹർ ഘർ തിരംഗ പരിപാടി, രാജ്യത്തെ ഏറ്റവും വലിയ പൊതുജന പങ്കാളിത്ത പ്രസ്ഥാനങ്ങളിലൊന്നായി മാറുകയായിരുന്നു. ഈവർഷം ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഹർ ഘർ തിരംഗ പ്രചാരണത്തിന് ഏറെ പ്രാധാന്യമാണുള്ളത്. ദേശീയപതാകയുടെയും ദേശീയ ഗീതത്തിന്റെയും സന്ദേശങ്ങൾ ദേശസ്നേഹത്തിന്റെ സവിശേഷമായ ആഘോഷത്തിൽ സംയോജിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ലോകമെമ്പാടുമുള്ള 200-ലധികം ഇന്ത്യൻ എംബസികൾ, ഹൈക്കമ്മീഷനുകൾ, കോൺസുലേറ്റുകൾ എന്നിവ നിരവധി പരിപാടികൾ സംഘടിപ്പിക്കും. ഈ മാസം 17 വരെ ഹർ ഘർ തിരംഗ പ്രചാരണം നീണ്ടു നിൽക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

*************************************

## IAF - INDEPENDENCE DAY

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ വ്യോമസേനയുടെ ബാൻഡ് ഇന്ന് ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ സംഗീതപരിപാടി അവതരിപ്പിക്കും. ദേശീയ ഗീതമായ 'വന്ദേമാതര'ത്തിന്റെ 150-ാം വാർഷിക ആഘോഷവും ഇതോടൊപ്പം നടക്കും.

*************************************

## KERALAM-I DAY-BAND

ദക്ഷിണ വ്യോമസേനയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം 12, 13 തീയതികളിൽ ബാൻഡ് പ്രകടനം സംഘടിപ്പിക്കും. സംഗീതത്തിലൂടെ ദേശാഭിമാനവും ഐക്യബോധവും വളർത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

*************************************

## PM MODI - US VP VANCE

പ്രധാനമന്ത്രി നരേന്ദ്ര മോദി, അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സമഗ്ര ആഗോള തന്ത്രപരമായ പങ്കാളിത്തം, വർധിപ്പിക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്തതായി ശ്രീ മോദി സാമൂഹ്യ മാധ്യമത്തിൽ പറഞ്ഞു. വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യകൾ, ഊർജ്ജ സുരക്ഷ, നിർണായക ധാതുക്കൾ എന്നിവയിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ഇരുരാജ്യങ്ങളും വ്യക്തമാക്കി.

************************************

## PM-SEMI CONDUCTORS (INTRO)

രാജ്യത്തിന്റെ പുരോഗതി രൂപപ്പെടുത്തുന്നതിൽ ഗവേഷണം, സാങ്കേതിക വിദ്യകൾ എന്നിവ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐഐടി ഡൽഹിയുടെ 57-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് പുതിയ മേഖലകൾ വികസിച്ചു വരികയാണെന്നും സെമികണ്ടക്ടറുകൾ, ബഹിരാകാശം തുടങ്ങി എല്ലാ മേഖലകളിലും സ്വാശ്രയത്വം നേടുന്നതിനായി ഇന്ത്യ പ്രവർത്തിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

************************************

## KIRTI VARDHAN - COTE DE IVOIRE

വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്, ഐവറി കോസ്റ്റ് പ്രസിഡന്റ് അലാസ ഒത്താരയുമായി അബിജ്ജാനിൽ കൂടിക്കാഴ്ച നടത്തി. വളർന്നുവരുന്ന ഇന്ത്യ-ഐവറി കോസ്റ്റ് പങ്കാളിത്തത്തെക്കുറിച്ച് ചർച്ച ചെയ്ത അദ്ദേഹം, ആഫ്രിക്കയുമായുള്ള ബന്ധം കൂടുതൽ ശക്തവും ആഴത്തിലുള്ളതുമാക്കുക എന്ന ദർശനം മുന്നോട്ട് കൊണ്ടുപോകുന്നതിലുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കി.

*************************************

## MoUs WITH KEY INDUSTRY LEADERS

സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ കരുത്തുപകരാൻ, പ്രമുഖ വ്യവസായ പങ്കാളികളുമായി തന്ത്രപ്രധാനമായ ധാരണാപത്രങ്ങളിൽ ഒപ്പുവെച്ച് കേന്ദ്ര സർക്കാർ. കേന്ദ്ര വാണിജ്യ മന്ത്രാലയമാണ്, പണരഹിത പേയ്മെന്റുകൾ, ഡാർവിൻ ഡൈനാമിക്സ്, കൗൺസിൽ ഫോർ സ്റ്റാർട്ടപ്പ് ഇന്ത്യ തുടങ്ങിയ മേഖലകളിലെ വ്യവസായ പ്രമുഖരുമായി വിവിധ കരാറുകളിൽ ധാരണയായത്. സ്റ്റാർട്ടപ്പുകളുടെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, സ്റ്റാർട്ടപ്പുകൾക്കുള്ള നിക്ഷേപം, ആഗോള വിപണികളിലേക്കുള്ള പ്രവേശനം എന്നിവ ഉറപ്പാക്കുക തുടങ്ങിയവ ധാരണാപത്രം ലക്ഷ്യമിടുന്നു.

*************************************

## IMD-WEATHER

രാജ്യത്ത് ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു. ഹരിയാന, ചണ്ഡീഗഡ്, ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഉത്തർപ്രദേശ്, ബീഹാർ, രാജസ്ഥാൻ, ഝാർഖണ്ഡ്, മധ്യപ്രദേശ്, വടക്കുകിഴക്കൻ ഇന്ത്യയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലും ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുണ്ട്.

*************************************

## RAIN KERALA

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കൻ ഒഡിഷക്കും മുകളിലായി ന്യൂനമർദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇതിന്റെ സ്വാധീനഫലമായി കേരളത്തിൽ വിവിധയിടങ്ങളിൽ കനത്ത മഴയ്ക്കും കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം -

കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.
************************************

## KANNUR - DRONE SURVEY (INTRO)

കാലവർഷത്തിൽ കഴിഞ്ഞ ഒരാഴ്ചക്കിടെ കണ്ണൂർ ജില്ലയിലെ ഉദയഗിരി മേഖലയിൽ 12 ഓളം ഉരുൾപൊട്ടൽ ആണ് ഉണ്ടായത്. പ്രദേശത്ത് ഡ്രോൺ സർവ്വേ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

************************************

## ODISHA-FLOOD

ഒഡിഷയിൽ പ്രളയഭീഷണി രൂക്ഷമാകുന്നു. വൈതരണി, സാലന്ദി നദികളിലെ ജലനിരപ്പുയർന്നതിനെത്തുടർന്ന് ഭദ്രക് ഉൾപ്പെടെയുള്ള താഴ്ന്ന പ്രദേശങ്ങളിൽ ആശങ്ക വർധിച്ചു. നിരവധി ഗ്രാമങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്.
************************************

## IRAN - US- MoU

അമേരിക്കയുമായി ഒപ്പുവച്ച ധാരണാപത്ര പ്രകാരം ഇറാൻ സമാധാനത്തിന്റെ പാത പിന്തുടരുമെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ. എന്നാൽ കീഴടങ്ങാൻ ഇറാന് മേൽ സമ്മർദ്ദം ചെലുത്താനാകില്ലെന്നും അദ്ദേഹം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ വ്യക്തമാക്കി. അതേസമയം, ഇറാനുമായുള്ള സംഘർഷം ഉടൻ അവസാനിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആത്മവിശ്വാസം പ്രകടിപ്പിച്ചു.
************************************

## BADMINTON-KOREA OPEN

ദക്ഷിണ കൊറിയയിലെ അസാനിൽ നടക്കുന്ന, കൊറിയ മാസ്റ്റേഴ്സ് സൂപ്പർ 300 ബാഡ്മിന്റൺ വനിതാ സിംഗിൾസ് ഫൈനലിൽ, ഇന്ത്യൻ താരം അഷ്മിത ചാലിഹ ഇന്ന് ചൈനയുടെ

ക്യു ഹാനെ നേരിടും. ഇന്നലെ നടന്ന സെമിഫൈനലിൽ ഇന്ത്യയുടെ തന്നെ രക്ഷിത രാംരാജിനെ പരാജയപ്പെടുത്തിയാണ്, അഷ്മിത ഫൈനലിലെത്തിയത്.
************************************

## REV.THAILAND- DEATH TOLL

തായ്‌ലൻഡിലെ നോന്തബുരി പ്രവിശ്യയിൽ സ്കൂളിൽ നടന്ന വെടിവയ്പ്പിൽ മരിച്ചവരുടെ എണ്ണം ഒമ്പതായി. 14 പേർ ഇപ്പോഴും ചികിത്സയിലാണ്. 14 വയസ്സുള്ള തോക്കുധാരിയാണ് വെടിയുതിർത്തത്. സംഭവത്തെകുറിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണ്.
************************************

## AMARNATH YATRA

ജമ്മു കശ്മീരിൽ, പഹൽഗാം, ബാൽതാൽ റൂട്ടുകളിലെ അമർനാഥ് യാത്ര ഇന്ന് മുതൽ താൽക്കാലികമായി നിർത്തിവയ്ക്കും. പാതകളുടെ അറ്റകുറ്റപ്പണികൾ, മോശം കാലാവസ്ഥാ എന്നിവയെത്തുടർന്നാണിത്. തുടർച്ചയായി പെയ്യുന്ന മഴയും പ്രതികൂല കാലാവസ്ഥയും കണക്കിലെടുത്ത്, ഇന്നലെ ജമ്മുവിലെ ഭഗവതി നഗർ ബേസ് ക്യാമ്പിൽ നിന്ന്, പുതിയ തീർത്ഥാടക സംഘങ്ങളെയൊന്നും യാത്ര തിരിക്കാൻ അനുവദിച്ചില്ല.
************************************

## ARJUN AYANKI ARRESTED

ഗുണ്ടാ കേസുമായി ബന്ധപ്പെട്ട് ഒളിവിൽ കഴിഞ്ഞിരുന്ന അർജുൻ ആയങ്കി അറസ്റ്റിൽ. ഇന്ന് പുലർച്ചെ 2.40 ഓടെ കണ്ണൂർ നഗരത്തിനടുത്തെ അപ്പാർട്ട്മെന്റിൽ വെച്ച് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡ് ആണ് ആയങ്കിയെ കസ്റ്റഡിയിലെടുത്തത്.
************************************

## SNEHASANTHWANAM

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായുള്ള സമഗ്ര പാക്കേജ്, 'സ്നേഹസാന്ത്വന'ത്തിന്റെ

തുടർപ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 14.40 കോടി രൂപയുടെ ഭരണാനുമതി നൽകി. സംസ്ഥാന ബജറ്റിലെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സാമൂഹ്യനീതി വകുപ്പുവഴിയാണ് തുക അനുവദിച്ചത്.
***********************************

## BRICS-BHOPAL

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയിൽ 11-ാമത് ബ്രിക്സ് സാംസ്കാരിക മന്ത്രിമാരുടെ യോഗം ഭോപ്പാലിൽ സമാപിച്ചു. ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ സാംസ്കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഭോപ്പാൽ പ്രഖ്യാപനം യോഗം അംഗീകരിച്ചു.

☸

☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸☸